# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6151 — 02/04/2018-ൽ മറുപടിക്ക്

### അണക്കെട്ടുകളുടെ നവീകരണത്തിന് ആവിഷ്കരിച്ച പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | വൈദ്യുതി അണക്കെട്ടുകളുടെ നവീകരണത്തിന് ലോക ബാങ്കിന്റെ സഹായത്തോടെ ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ; | (എ) | വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള അണക്കെട്ടുകളുടെ നവീകരണത്തിന് ലോക ബാങ്ക് ധനസഹായത്തോടെ, ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (ഡ്രിപ്പ്-DRIP) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം കെ.എസ്. ഇ.ബി, ലിമിറ്റഡിന്റെ 12 ജലവൈദ്യുത പദ്ധതികളുടെ ഭാഗമായ 37 ഡാമുകളെ പ്രത്യേകം പരിഗണിച്ച് അറ്റകുറ്റപ്പണികൾ, സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തൽ, അടിസ്ഥാന സൗകര്യവികസനം, ഡാം സുരക്ഷയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള പരിശീലനം മുതലായവ നടപ്പിലാക്കി വരുന്നു. പ്രധാനപ്പെട്ടതും താരതമ്യേന കാലപ്പഴക്കമുള്ളതുമായ 37 ഡാമുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഈ പദ്ധതികൾക്ക് 153.71 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 80% തുക ലോക ബാങ്ക് സാമ്പത്തിക സഹായവും (40 % ഐ.ബി.ആർ.ഡി. ലോൺ & 40 % ഐ.ഡി.എ. ക്രെഡിറ്റ്) ബാക്കി 20% തുക സംസ്ഥാന സർക്കാർ വിഹിതവുമാണ്. ദുരന്തങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ ഒഴിവാക്കാനുതകുന്ന എമർജൻസി ആക്ഷൻ പ്ലാനുകളുടെ തയ്യാറാക്കൽ, ഒ & എം മാനുവൽ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ചില പ്രവർത്തനങ്ങളാണ്. |
| (ബി) | പ്രസ്തുത വായ്പാ തിരിച്ചടവ് കാലയളവ് എത്രയാണ്; | (ബി) | ഈ പദ്ധതിയുടെ വായ്പ തിരിച്ചടവ് കാലാവധി 30 വർഷമാണ്. |
| (സി) | ലോക ബാങ്ക് വ്യവസ്ഥ പ്രകാരം പദ്ധതി പൂർത്തീകരിക്കേണ്ട കാലാവധി എന്നാണ്; പ്രസ്തുത കാലാവധിക്കുള്ളിൽ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) | ലോകബാങ്ക് വ്യവസ്ഥപ്രകാരം ഈ പദ്ധതി പൂർത്തീകരിക്കേണ്ട കാലാവധി ജൂൺ 2020 ആണ്. ഇതുവരെയായി ഈ പദ്ധതിയിലുൾപ്പെടുത്തി 120 കോടിയോളം രൂപയുടെ വിവിധ പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യുകയും 83 കോടിയോളം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. ബാക്കി ജോലികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി. സമയബന്ധിതമായി മുഴുവൻ ജോലിയും പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ